പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1839 06.07.2015 ലെ മറുപടിക്ക്

# ക്രൈം ബ്രാഞ്ചിന്റെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>" **സണ്ണി ജോസഫ്**<br>" **തേറമ്പിൽ രാമകൃഷ്ണൻ**<br>" **ഐ.സി.ബാലകൃഷ്ണൻ** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **എ)** ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>**ബി)**എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | **എ)യും ബി)യും** ക്രൈംബ്രാഞ്ച് വിഭാഗം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എം.എസ്) നം. 124/2014/ആഭ്യന്തരം, 17.06.2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ചിന് ചുമതല നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് |

| | |
|---|---|
| | (ഡി.സി.ബി)-ലേക്ക് ഉള്ള നിയമനത്തിൽ കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും 'പ്രഫഷണൽ' മികവും ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിത പോലീസ്കാരുടെ മതിയായ പ്രാതിനിധ്യവും ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈംബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| **സി)** സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും തെളിയിക്കാനുള്ള കാര്യങ്ങൾ ആധുനികവത്കരണത്തിൽ ഉൾപ്പെടുത്തുമോ ; | **സി) യും ഡി )യും**<br>സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈംബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ? | പ്രവർത്തിച്ചു വരുന്നു. സൈബർ ക്രൈം കേസുകൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് നിലവിലുള്ള സൈബർ പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയിൽ നിന്നുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. എല്ലാ ജില്ലകളിലും സൈബർസെല്ലുകളും പോലീസ് ആസ്ഥാനത്ത് നിലവിൽ ഒരു ഹൈടെക്ക് സെല്ലും പ്രവർത്തിച്ചു വരുന്നു. GO(MS) No. 67/14/Home തീയ്യതി 22.08.2014 പ്രകാരം ഒരു സൈബർ ഡോം ടെക്നോപാർക്കിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജി.ഒ.(എം.എസ്) നമ്പർ 79/2014/Home തീയ്യതി 26.04.2014 പ്രകാരം സൈബർ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഒരു ഡി.വൈ.എസ്.പി, യുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ G.O(MS).194/13/Home തീയ്യതി 01.08.2013 പ്രകാരം സൈബർ സെല്ലുകളിലേയ്ക്ക് ആവശ്യമായ 133 |

| | |
|---|---|
| | തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ Password Cracker, ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ, മൊബൈൽ ഫോൺ, എസ്ട്രാക്റ്റർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ